NTU

# ദേശീയ അധ്യാപക പരിഷത്ത്

# LSS
## Model Examination 2025

Reg. No:

| | | | | | | |
|---|---|---|---|---|---|---|
| അക്കം | | | | | | |
| അക്ഷരം | | | | | | |

Medium : Malayalam

**PAPER I**

**സമയം :1½ മണിക്കൂർ** | **ആകെ സ്കോർ: 40**

**<u>പൊതുനിർദ്ദേശങ്ങൾ</u>**

1. ഒരു മണിക്കൂർ നാൽപ്പത്തിയഞ്ച് മിനിട്ടാണ് പരീക്ഷാസമയം. ഇതിൽ ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
2. പേപ്പർ ഒന്നിലെ ചോദ്യങ്ങൾ മൂന്നു ഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട് (എ) മലയാളം പാർട്ട് (ബി) ഇംഗ്ലീഷ് പാർട്ട് (സി) പൊതുവിജ്ഞാനം.
3. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
4. ബുക്ക്‌ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.
5. ബുക്ക്‌ലെറ്റ് ഇൻവിജിലേറ്ററെ ഏൽപിച്ചതിനുശേഷം മാത്രമേ പരീക്ഷാഹാൾ വിട്ട് പുറത്ത് പോകുവാൻ പാടുള്ളൂ.

NTU KERALA

KTU KERALA

# PAPER 1

## Part A

## വിഷയം : മലയാളം

**Total Mark : 20**

1. 'പുഞ്ചിരി' എന്ന പദത്തിന് പകരം വരുന്ന പദമേത്?

   A) ചന്ദ്രിക  B) ഹസ്തം  C) സ്മേരം  D) ബാഹു  (Score : 1)

   ഉത്തരം :

2. ബാഗ് തുറന്ന് ചോറ്റുപാത്രം പുറത്തെടുത്തു. അതിലെ മുഴുവൻ ചോറും അവൾക്കേറെ ഇഷ്ടമുള്ള മുളക് ചമ്മന്തിയും അയാളുടെ കൈവെള്ളയിലേക്ക് പകർന്ന് കൊടുത്തു. ഏത് കഥയിൽ നിന്നുള്ള ഭാഗമാണിത്? (Score : 1)

   ഉത്തരം :

3. ശരിയായ പദങ്ങൾ വരുന്ന ജോഡിയേത്? (Score : 1)

   A) പീഡ, അബദ്ധം  B) പീഢ, അബദ്ധം  C) അബധം, പീഠ  D) അബദ്ധം, പീഢ

   ഉത്തരം :

4) 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക'. ഈ സ്നേഹവചനം ഏത് ഗ്രന്ഥത്തിൽ നിന്നാണ്? (Score : 1)

   A) മഹാഭാരതം  B) ഖുർ-ആൻ  C) ഭഗവദ്ഗീത  D) ബൈബിൾ

   ഉത്തരം :

5) താഴെ തന്നിരിക്കുന്ന വരികളാരുടേതാണ്? (Score : 1)

   ശുദ്ധമാകും തുഷാരകണങ്ങളാൽ
   മുത്തണിഞ്ഞു സുമംഗലിയാകവേ
   ചില്ലതോറും പുളകാങ്കുരം കണ
   ക്കുല്ലസിച്ചു മുകുളമുളകളം

   A) കുമാരനാശാൻ  B) മേരിജോൺ കൂത്താട്ടുകുളം

   C) നിത്യചൈതന്യയതി  D) ഇവരാരുമല്ല

   ഉത്തരം :

6) ഒരു കാർഷിക സംസ്കൃതിയുടെ തിരുശേഷിപ്പായി ചില വീടുകളിലെങ്കിലും ശൂന്യമായി കാണുന്നത് താഴെപ്പറയുന്നതിലേതാണ്. (Score : 1)

   A) ട്രാക്ടർ  B) പടന്ന  C) പത്തായം  D) ഉരുളി

   ഉത്തരം :

NITU KERALA

7) കേരള സാഹിത്യ അക്കാദമി അവാർഡ് ലഭച്ച ഇദ്ദേഹത്തിന്റെ ബാലസാഹിത്യകൃതിയാണ് 'പുതിയ പുലരി' ആരുടെ കൃതി? (Score : 1)

ഉത്തരം :

8) ആരല്ലെൻ ഗുരുനാഥ-
രാരല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ
പഠിപ്പിക്കുന്നുണ്ടെന്തോ.... ആരുടെ വരികൾ? (Score : 1)

A) എം.ടി. B) ഒളപ്പമണ്ണ C) വൈലോപ്പിള്ളി D) ഒ.എൻ.വി.

ഉത്തരം :

9. വേനൽക്കിനാക്കൾ എന്ന വാക്ക് പിരിച്ചെഴുതുക (Score : 1)

ഉത്തരം:

10. ശരിയായ വാക്കേത്? (Score : 1)

A) മൃദുലം B) മൃതുലം C) മൃധുലം D) മൃഥുലം

ഉത്തരം:

11. ലഘുവിവരണം തയ്യാറാക്കുക (½ പേജ്)
താഴെപറയുന്നയുൾപ്പെടുത്തി എം.ടി. വാസുദേവൻ നായരെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

ജനനം : 1933, ജൂലൈ 15 പിതാവ് : ടി. നാരായണൻ നായർ
ജനനസ്ഥലം : കൂടല്ലൂർ, പാലക്കാട് മാതാവ്: അമ്മാളുവമ്മ
മുഴുവൻ പേര് : മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നാരായണൻ നായർ
നോവലിസ്റ്റ്, തിരക്കഥാകൃത്ത്, ചലച്ചിത്രസംവിധായകൻ....etc.
പ്രധാനകൃതികൾ : അസുരവിത്ത്, രണ്ടാമൂഴം, മഞ്ഞ്, കാലം, നാലുകെട്ട് etc...
അവാർഡുകൾ : ജ്ഞാനപീഠ പുരസ്കാരം, പത്മഭൂഷൺ, കേന്ദ്രകേരള സാഹിത്യ അക്കാദമി അവാർഡ്, കേരളജ്യോതി, എഴുത്തച്ഛൻ പുരസ്കാരം.
ഭാര്യ : കലാമണ്ഡലം സരസ്വതി.
മരണം : 2024 ഡിസംബർ 25, കോഴിക്കോട് (Score : 5)

NTU KERALA

12) <u>ആസ്വാദനക്കുറിപ്പെഴുതുക</u> (½ പേജ്) (Score : 5)

<u>കുഞ്ഞേടത്തി</u>

കുഞ്ഞേടത്തിയെത്തന്നെയല്ലോ
ഉണ്ണിക്കെന്നെന്നുമേറെയിഷ്ടം
പൊന്നേ പോലത്തെ നെറ്റിയിലുണ്ടല്ലോ
മഞ്ഞൾ വരക്കുറി ചാന്തുപൊട്ടും.
ഈറൻമുടിയിൽ എള്ളെണ്ണമണം ചില-
നേരമാ തുമ്പത്തൊരു പൂവും
കയ്യിലൊരൊറ്റ കുപ്പിവള മുഖം
കണ്ടാൽ കാവിലെ ദേവി തന്നെ
മടിയിലിരുത്തീട്ട് മാറോട് ചേർത്തിട്ട്
മണി മണി പോലെ കഥപറയും
ആനേടെ മയിലിന്റെ ഒട്ടകത്തിന്റെയും
ആരും കേൾക്കാത്ത കഥപറയും. (ഒ.എൻ.വി. കുറുപ്പ്)

NU KERALA

**PAPER 1**

**Part B**

## ENGLISH

**Total Mark : 10**

1. Rearrange the words and make a meaningful sentence. (Score :1)

   Continued / The Child / Crying / Turned / and / his face.

   Ans:

2. Make a meaningful word from the given letters (Score :1)

   | e | r | m | c | o | s | u | t |

   Ans :

3. Answer the riddle given below?

   If you drop me, I crack

   If you smile at me, I smile back.

   Who am I? (Score : 1)

   Ans :

4. Fill in the blanks suitably. Choose the right word from the box (Score : 1)

   The children gathered ______ the courtyard.

   (with, at, in, on)

5. Make a meaningful sentence. (Score :1)

the fragrance / wind / carried / A soft / Wild flowers / of

Ans:

NTU KERALA

6. <u>Complete the conversation</u> (Score :5)

One day Anna was floating her paper boats. A boy came there and destroyed it. Anna got angry and she ran home. Annas brother Anvin saw her.

Anvin : Anna, why are you crying?

Anna : ..........................

Anvin : ..........................

Anna : ..........................

Anvin : ..........................

Anna : ..........................

NTU KERALA

## PAPER 1

## Part C

**പൊതുവിജ്ഞാനം**

**Total Mark : 10**

1. 2024ലെ ലോക ചെസ്സ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയതാര്? (Score : 1)
A) കോനേരുഹംപി B) വിശ്വനാഥൻ ആനന്ദ് C) ഡി. ഗുകേഷ് D) പ്രഗ്നാനന്ദ

ഉത്തരം :

2. ഗോവ സംസ്ഥാനത്തെ ഗവർണർ ഒരു മലയാളിയാണ്. ആരാണദ്ദേഹം? (Score : 1)
A) അഡ്വ. പി. എസ്. ശ്രീധരൻപിള്ള B) ആരിഫ് മുഹമ്മദ്ഖാൻ C) അരവിന്ദ് കേജ്രിവാൾ D) വി. ശിവൻകുട്ടി

ഉത്തരം :

3. 2024ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്? (Score : 1)
A) എൻ.എസ്. മാധവൻ B) അശോകൻ ചരുവിൽ C) കെ. ജയകുമാർ D) പ്രൊഫ. എം. കെ. സാനു

ഉത്തരം :

4. ദേശീയ പ്രവാസി ദിനമായി ആചരിക്കുന്നത്? (Score : 1)
A) ഫെബ്രുവരി 14 B) ജനുവരി 19 C) മാർച്ച് 9 D) ജനുവരി 9

ഉത്തരം :

5. 2024ലെ ട്വന്റി-ട്വന്റി ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയ രാജ്യം? (Score : 1)
A) ദക്ഷിണാഫ്രിക്ക B) ഇന്ത്യ C) ഓസ്ട്രേലിയ D) ന്യൂസിലാന്റ്

ഉത്തരം :

6. 'ഇന്ത്യയുടെ പക്ഷി മനുഷ്യൻ' എന്നറിയപ്പെടുന്നത് (Score : 1)

ഉത്തരം:

7. ചരിത്രപ്രസിദ്ധമായ ആറന്മുള ഉത്രട്ടാതി ജലമേള നടക്കുന്ന നദി ഏത്? (Score : 1)
A) പമ്പ B) അഷ്ടമുടിക്കായൽ C) ഭാരതപ്പുഴ D) പെരിയാർ

ഉത്തരം :

8. ഇലകൾക്ക് പച്ചനിറം നൽകുന്ന വർണവസ്തു? (Score : 1)

ഉത്തരം :

9. കർണാടകവും തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ ഏകജില്ല? (Score : 1)

ഉത്തരം :

10. സ്വതന്ത്രഭാരതത്തിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രി? (Score : 1)

ഉത്തരം :

NTU

# ദേശീയ അധ്യാപക പരിഷത്ത്

# LSS
## Model Examination 2025

Reg. No:

| | | | | | | |
|---|---|---|---|---|---|---|
| അക്കം | | | | | | |
| അക്ഷരം | | | | | | |

Medium : Malayalam

**PAPER II**

സമയം :1½ മണിക്കൂർ

ആകെ സ്കോർ: 40

**പൊതുനിർദ്ദേശങ്ങൾ**

1. ഒരു മണിക്കൂർ നാൽപ്പത്തിയഞ്ച് മിനിട്ടാണ് പരീക്ഷാസമയം. ഇതിൽ ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
2. പേപ്പർ രണ്ടിലെ ചോദ്യങ്ങൾ രണ്ടു ഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട് (എ) പരിസരപഠനം പാർട്ട് (ബി) ഗണിതം
3. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
4. ബുക്ക്ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.
5. ബുക്ക്ലെറ്റ് ഇൻവിജിലേറ്ററെ ഏൽപിച്ചതിനുശേഷം മാത്രമേ പരീക്ഷാഹാൾ വിട്ട് പുറത്ത് പോകുവാൻ പാടുള്ളൂ.

NTU KERALA

KTU KERALA

**PAPER II**

**PART A**

**പരിസരപഠനം**

**Total Mark : 20**

1. മത്സ്യത്തിന്റെ അനുകൂലനത്തിൽ പെടാത്തത്? (Score : 1)

   A) വശങ്ങളിലെ ചിറകുകൾ B) വായുഅറകൾ

   C) ശ്വസനാവയവമായ ശകുലങ്ങൾ D) തോണിപോലുള്ള ആകൃതി

   ഉത്തരം :

2. ഏകബീജപത്ര സസ്യത്തിന് ഉദാഹരണമാണ്................... (Score : 1)

   A) പയർ B) കടല C) ഗോതമ്പ് D) മാവ്

   ഉത്തരം :

3. വിളവ് മോശമായ സമയത്ത് അടിച്ചേൽപിച്ച നികുതിയിളവിന് വേണ്ടി നടന്ന സമരം? (Score : 1)

   A) ക്വിറ്റിന്ത്യാ സമരം B) ചമ്പാരൻ സത്യാഗ്രഹം C) അഹമ്മദാബാദ് തുണിമിൽ സമരം D) ഖേഡാ സമരം

   ഉത്തരം :

4. കരയിലും വെള്ളത്തിലുമായി ജീവിതചക്രം പൂർത്തിയാക്കുന്ന നട്ടെല്ലുള്ള ജീവികളെ പറയുന്ന പേര്?

   A) ഉഭയജീവികൾ B) ഉരഗജീവികൾ C) ഷഡ്പദങ്ങൾ D) ഇവയൊന്നുമല്ല (Score : 1)

   ഉത്തരം :

5. താഴെപറയുന്നതിൽ ശരിയല്ലാത്ത പ്രസ്താവനകളേത്. (Score : 1)

   A) ജീവീയ അജീവീയ ഘടകങ്ങൾ തമ്മിൽ പരസ്പരാശ്രയത്വമുണ്ട്. B) മത്സ്യത്തിന്റെ ശ്വസനാവയവമാണ് തൊലി C) വനം ഒരു ആവാസവ്യവസ്ഥയാണ് D) കുളവാഴ കരയിൽ വളരുന്നു.

   A) a & b B) b & d C) a & c D) d & c

   ഉത്തരം :

6. കുഞ്ചൻ നമ്പ്യാർ തുടക്കം കുറിച്ച കലാരൂപമേത്? (Score : 1)

   A) കൂത്ത് B) കൂടിയാട്ടം C) തുള്ളൽ D) കഥകളി

   ഉത്തരം:

7. സ്വയം പ്രകാശിക്കുന്ന ആകാശഗോളത്തിന് ഉദാഹരണമാണ്.................

   A) ചന്ദ്രൻ B) ആര്യഭട്ട C) ശുക്രൻ D) സൂര്യൻ (Score : 1)

   ഉത്തരം :

8. ഒരുതവണ സൂര്യനെ വലംവെയ്ക്കുന്നതിന് ഭൂമിക്ക് വേണ്ട സമയം? (Score : 1)

A) 24 മണിക്കൂർ B) 365 1/4 ദിവസം C) ഒരു മാസം D) ഒരാഴ്ച

ഉത്തരം: 

9. ദ്രാവകങ്ങളുടെ പ്രത്യേകതയായി പറയാവുന്ന പ്രസ്താവനയേത് ? (Score : 1)

A) ആകൃതിയും വലിപ്പവുമുണ്ട് B) ആകൃതിയുണ്ട് ഒഴുകുന്നില്ല

C) നിശ്ചിത ആകൃതിയില്ല ഒഴുകുന്നു D) ഇവയൊന്നുമല്ല

ഉത്തരം : 

10. ഇന്ത്യയുടെ ആദ്യത്തെ സൗരദൗത്യം (Score : 1)

A) ആര്യഭട്ട B) ആദിത്യ എൽ 1 C) ചന്ദ്രയാൻ D) എഡ്യൂസാറ്റ്

ഉത്തരം : 

11. താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക. (Score : 5)

| സംസ്ഥാനം | തലസ്ഥാനം | പ്രധാന ഭാഷ |
|---|---|---|
| ഗുജറാത്ത് | | |
| | ചെന്നൈ | |
| പശ്ചിമബംഗാൾ | | ബംഗാളി |

12. പൂരിപ്പിക്കുക (Score : 5)

സ്വയം പ്രകാശിക്കുന്ന ആകാശഗോളങ്ങളാണ് ________ എങ്കിൽ, ഒരു നിശ്ചിത പാതയിലൂടെ സൂര്യനെ വലംവെയ്ക്കുന്ന ആകാശഗോളങ്ങളാണ്. ________ അവയെ വലം വെയ്ക്കുന്ന ആകാശഗോളങ്ങളാണ് ________ ഭൂമി സ്വയംകറങ്ങുന്നതിനെ ________ എന്നും, സ്വയം കറങ്ങുന്നതോടൊപ്പം സൂര്യനെ വലംവെയ്ക്കുന്നതിനെ ________ എന്നും പറയുന്നു.

NITU KERALA

## PAPER II
## PART B
## ഗണിതം

**Total Score : 20**

1. ജനുവരി മാസത്തിൽ വരാൻ സാധ്യതയുള്ള മലയാളമാസം താഴെ പറയുന്നതിൽ ഏത്?
   A) ചിങ്ങം B) മകരം C) മീനം D) കർക്കിടകം (Score : 1)

   ഉത്തരം :

2. ഒരു പവൻ = ......................ഗ്രാം (Score : 1)

   ഉത്തരം :

3. 64നെ റോമൻ അക്കത്തിലെഴുതുക (Score : 1)
   A) LXX B) LXIIII C) LXVI D) LXIV

   ഉത്തരം :

4. ഒരു സമചതുരത്തിന്റെ ഒരു വശം 6 സെ.മീ. അതേ ചുറ്റളവുള്ള മറ്റൊരു ചതുരത്തിന്റെ നീളം 7സെ.മീ. എങ്കിൽ ആ ചതുരത്തിന്റെ വീതി എത്ര? (Score : 1)
   A) 4 സെ.മീ. B) 5 സെ.മീ. C) 6 സെ.മീ. D) 7 സെ.മീ.

   ഉത്തരം :

5. 4828ൽ എട്ടിന്റെ സ്ഥാനവിലകൾ തമ്മിലുള്ള വ്യത്യാസമെത്ര?
   A) 474 B) 792 C) 774 D) ഇവയൊന്നുമല്ല (Score : 1)

   ഉത്തരം :

6. ആറ് വശങ്ങളുള്ള ജ്യാമിതീയ രൂപത്തിന്റെ പേര്? (Score : 1)

   ഉത്തരം :

7. വൃന്ദാവനം LP സ്കൂളിൽ ഒരു കുട്ടിക്ക് ഉച്ചഭക്ഷണത്തിന് 100 ഗ്രാം അരിയാണ് വേണ്ടത്. 8 കുട്ടികൾ ഹാജരാവാതിരുന്ന ഒരു ദിവസം 10 കി. ഗ്രാം അരി വേണ്ടി വന്നു. സ്കൂളിൽ ആകെ എത്ര കുട്ടികളുണ്ട്?
   A) 100 B) 105 C) 108 D) 110 (Score : 1)

   ഉത്തരം :

NITU KERALA

8. 5 സംഖ്യാ കാർഡുകളിൽ, ഓരോ കാർഡിലെയും സംഖ്യ തൊട്ടു മുമ്പത്തെ കാർഡിനേക്കാൾ 100 വീതം കൂടുതലാണ്. ആദ്യ രണ്ട് കാർഡുകളിലെ സംഖ്യകളുടെ തുക 3660 ആണ്. എങ്കിൽ 5 കാർഡുകളിലെയും സംഖ്യകളുടെ തുക എത്ര?

A) 7320 B) 8880 C) 9900 D) 9080 (Score :1)

ഉത്തരം :

9. മീന 9.45pmന് ഉറങ്ങി. പിറ്റേദിവസം രാവിലെ 5.30ന് ഉണർന്നു. അവൾ ഉറങ്ങിയ സമയത്തിന്റെ ദൈർഘ്യം?

A) 7 മണിക്കൂർ 45 മിനുട്ട് B) 4 മണിക്കൂർ 15 മിനുട്ട് (Score :1)

C) 8 മണിക്കൂർ 15 മിനുട്ട് D) 4 മണിക്കൂർ 15 മിനുട്ട്

ഉത്തരം :

10. എന്റെ കൈയിലുള്ള രൂപയുടെ പകുതിയുടെ പകുതി കൊടുത്ത് ഞാൻ 10 രൂപ വിലയുള്ള നാരങ്ങ വാങ്ങി എന്റെ കൈയിൽ എത്ര രൂപയുണ്ടായിരുന്നു? (Score :1)

A) 50 രൂപ B) 60 രൂപ C) 40 രൂപ D) 70 രൂപ

ഉത്തരം :

11. രാജു, ബഷീർ, ജോണി, ലീല, റസിയ ഇവരുടെ നേതൃത്വത്തിൽ വിവിധ ഉൽപന്നങ്ങൾ നിർമിച്ച് കച്ചവടം നടത്തുന്നു. 2025 ജനുവരി 1ന് നടന്ന വില്പനയുടെ കണക്ക് താഴെ കൊടുക്കുന്നു.

| ഇനം | വില | വിറ്റത് |
|---|---|---|
| നെയ്യപ്പം | 12 രൂപ | 12 |
| കേക്ക് | 100 രൂപ | 18 |
| അട | 19 രൂപ | 22 |
| അച്ചപ്പം | 24രൂപ | 36 |

A) ആ ദിവസത്തെ ആകെ വരുമാനം എത്ര? (Score :2)

ഉത്തരം :

B) അവർക്ക് ചെലവായത് 981 രൂപയാണെങ്കിൽ, അവരുടെ അന്നത്തെ ലാഭം എത്ര? (Score :1)


ഉത്തരം :

C) കിട്ടിയ ലാഭം തുല്യമായി വീതിച്ചെടുത്താൽ ഒരാൾക്ക് എത്ര രൂപ കിട്ടും? (Score : 2)

ഉത്തരം :

12. (Score : 5)

NTU KERALA




A) ചിത്രത്തിൽ ആകെ എത്ര ചതുരങ്ങളുണ്ട്? (Score : 1)

ഉത്തരം :

B) എത്ര സമചതുരങ്ങളുണ്ട്? (Score : 1)

ഉത്തരം :

C) വലിയ സമചതുരത്തിന്റെയും ചെറിയ സമചതുരത്തിന്റെയും ചുറ്റളവുകൾ തമ്മിലുള്ള വ്യത്യാസം

(Score : 3)

ഉത്തരം:

NTU KERALA

WORK SPACE

KTU KERALA